# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാവിലുംപാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa/kkd/p6/1840/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാവിലുംപാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/kkd/p6/1840/23 തീയ്യതി: 22/12/2023

## കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-01-2023 മുതൽ 24-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 02-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 02-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രബിത ടി.പി,ഓഡിറ്റ് ഓഫീസർ,

ശ്രീ ദേവാനന്ദ്.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീമതി വിനിത.ടി,ഓഡിറ്റർ,

ശ്രീമതി.ജിഷ.പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർജ്ജ്.പി.ജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബാബു.ജെ.ഡി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രകാശൻ.പി.എം | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ഹജിപ്രസാദ്.ബി | അസി. എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.എസ്.കാർത്തികേയൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. സുരേഷ് ബാബു.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. മുഹമ്മദ് തസ്നീം.കെ.എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫിലോമിന.എൻ.ജെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 04-07-2022 |
| ശ്രീമതി.രജനി.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-07-2022 | 02-01-2023 |
| ശ്രീമതി.ഷീബ.സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 03-01-2023 | 31-03-2023 |
| ശ്രീ. മഹേഷ്.കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 13-11-2022 |
| ശ്രീമതി.സെറീന.യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 14-11-2022 | 31-03-2023 |
| ശ്രീ.സതീശൻ.സി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ.കെ.എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അർച്ചന.കെ.പി | കൃഷി ഓഫീസർ | 01-04-2022 | 25-08-2022 |
| ശ്രീമതി.രാജശ്രീ | കൃഷി ഓഫീസർ | 26-08-2022 | 31-03-2023 |
| ശ്രീ. ജയകുമാർ വി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.രാഗേഷ്ചന്ദ്ര.കെ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 05-01-2023 |
| ശ്രീ.ജയകുമാർ.വി.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(അധികചുമതല) | 06-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Redemption തുക - വാർഷിക കണക്ക് ബി-15 പ്രകാരം തിരികെ ലഭിക്കാനുള്ള തുക വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-3 |
| 5 | രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഇ പേയ്മെന്റ് മുഖേന അടവാക്കുന്ന തുക അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റാവുന്നില്ല. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല. | 1-1-7 |
| 9 | സംയുക്ത ബാങ്ക് അക്കൌണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ക്ഷേമപദ്ധതികൾ | 1-6 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 17 | ടാക്സ് ഓഡിറ്റ് | 1-9 |
| 18 | അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല | 1-10 |
| 19 | ജോയിന്റ് വെഞ്ചർ അക്കൗണ്ട്- നീക്കിയിരിപ്പ് തുക സംബന്ധിച്ച് | 1-11 |
| 20 | ഇ-പെയ്മെന്റ് അക്കൗണ്ട്-കറന്റ് അക്കൗണ്ട് ആയതിനാൽ ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ നഷ്ടം | 1-12 |
| 21 | അഡ്വാൻസ്/ഡെപ്പോസിറ്റ് ക്രമീകരിച്ചില്ല | 1-13 |
| 22 | കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതികൾ– മുഴുവൻ വിതരണ രേഖകളും ഹാജരാക്കിയില്ല | 1-14 |
| 23 | കാലിത്തീറ്റ സബ്സിഡി -അപാകതകൾ | 1-15 |
| 24 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നതിലെ അപാകതകൾ | 1-16 |
| 25 | അതിദരിദ്രരുടെ വീട് വാസയോഗ്യമാക്കൽ - തുക കൈപ്പറ്റി - പ്രവൃത്തി നടപ്പാക്കിയില്ല | 1-17 |
| 26 | പദ്ധതി മാർഗ്ഗരേഖപ്രകാരമുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല | 1-18 |
| 27 | ടെണ്ടർ ഫീ ഫഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നില്ല | 1-19 |
| 28 | ഗ്രാമപഞ്ചായത്തിലെ ശുചിമുറി സമുച്ചയങ്ങൾ - ലഘു അവലോകനം | 1-20 |
| 29 | അങ്കണവാടി കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയില്ല | 1-21 |
| 30 | പുഴ വൃത്തിയാക്കൽ - അപാകതകൾ | 1-22 |
| 31 | തൊഴിലുറപ്പ് പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം - സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തില്ല | 1-23 |
| 32 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - യാത്രാ ബത്ത നൽകിയതിലെ അപാകതകൾ | 1-24 |
| 33 | ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - തുക കൈമാറിയത് ക്രമപ്രകാരമല്ല | 1-25 |
| 34 | ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - തുടർ പ്രവർത്തനം ഇല്ല/ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-26 |

| | | |
|---|---|---|
| 35 | ബഡ്സ് സ്കൂൾ ഭക്ഷണ വിതരണം - സംയുക്ത ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടാത്തതും മറ്റ് അപാകതകളും | 1-27 |
| 36 | കെൽട്രോണിൽ കമ്പ്യൂട്ടറും യു.പി.എസും വാങ്ങുന്നതിന് തുക അടച്ചു -ബാക്കി തുക ലഭ്യമായില്ല | 1-28 |
| | ഭാഗം **2** | |
| 1 | അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 30.06.2023 ലെ 1/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 1.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 Redemption തുക - വാർഷിക കണക്ക് ബി-15 പ്രകാരം തിരികെ ലഭിക്കാനുള്ള തുക വ്യത്യാസപ്പെട്ടിരിക്കുന്നു**

ബാലൻസ് ഷീറ്റ് ബി 15 Receivables Of Redemption 431500199 ഹെഡിൽ 4299716/- രൂപയും Receivables From Government-others 431409999 ഹെഡിൽ 7087292/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ(1246) നിന്നും 20.3.23 ന് 485974/- രൂപയും ട്രഷറി Own Fund(1058) അക്കൗണ്ടിൽ നിന്നും 10775409/- രൂപയും ട്രഷറി പിൻവലിച്ചിട്ടുണ്ട്. ഇതിൽ 04.04.23 ന് 10775409/- രൂപ തിരികെ ലഭിച്ചിട്ടുണ്ട്. 485974/- രൂപ തിരികെ ലഭിക്കാൻ അവശേഷിക്കുന്നു. മുൻവർഷം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയും തിരികെ ലഭിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

**1-1-4 രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് RP-30 320100149 ഹെഡിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വരവ് 1783598/- രൂപയാണ് രേഖപ്പെടുത്തിയത്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 1783548/- രൂപയാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

**1-1-5 ഇ പേയ്മെന്റ് മുഖേന അടവാക്കുന്ന തുക അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റാവുന്നില്ല.**

SBI- ഇ പേയ്മെന്റ് അക്കൗണ്ടിന്റെ റീക്കൺസീലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared ആയി 24810/- രൂപ ഉണ്ട്. ആയത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

**1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് എൻട്രി 31.03.2023 ന് മാത്രമാണ് രേഖപ്പെടുത്തിയത്.

**1-1-7 സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.**

വാർഷികകണക്ക് B-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് 25617/- രൂപയാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ബാലൻസ് സ്റ്റോക്ക് ഉണ്ടെങ്കിലും സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സംക്ഷിപ്തം എഴുതിയിട്ടില്ല.

**1-1-8 സംയുക്ത ബാങ്ക് അക്കൌണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല**

ബഡ്സ് സ്കൂൾ ഗ്രാന്റ് വരവുമായി ബന്ധപ്പെട്ട, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും അസിസ്റ്റന്റ് സെക്രട്ടറിയുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. (അക്കൗണ്ട് നമ്പർ 1384101027689 – കാനറാ ബാങ്ക് തൊട്ടിൽപാലം ശാഖ)

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ **21/03/2022** തിയ്യതിയിലെ **1-ാം** നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2022-23 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 27,23,888 |

| | |
|---|---|
| വരവ് | 28,79,10,189 |
| ആകെ | 29,06,34,077 |
| ചെലവ് | 28,85,69,989 |
| നീക്കിയിരിപ്പ് | 20,64,088 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,01,73,328 |
| വരവ് | 4,92,17,486 |
| ആകെ | 6,93,90,814 |
| ചെലവ് | 4,82,32,512 |
| നീക്കിയിരിപ്പ് | 2,11,58,302 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 35961000 | 35961000 | 33071819 | 2889181 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 912000 | 912000 | 854961 | 57039 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 769201 | 769201 | 696134 | 73067 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 0 | 13250000 | 13250000 | 11342482 | 1907518 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8717000 | 8717000 | 8716846 | 154 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 568977 | 5034829 (4785000+ 249829 (Interest)) | 5603806 | 5269126 | 334680 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury | 0 | 316458 | 316458 | 316458 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Bank | 2551097 | 7177000 | 9728097 | 6311131 | 3416966 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Treasury | 0 | 1300242 | 1300242 | 121416 | 1178826 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു. (ഐ.കെ.എം ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 172318233 | 190 | 77935618 | 31 | 48 | 80 |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6365200 | 867 |
| വിധവാപെൻഷൻ | 11244200 | 867 |
| വാർദ്ധക്യകാലപെൻഷൻ | 19919200 | 1743 |
| വികലാംഗപെൻഷൻ | 3272000 | 251 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 224000 | 14 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 176977/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ജീവനക്കാരുടെ ഔദ്യോഗിക ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി പുനക്രമീകരിച്ച് നൽകിയിട്ടുള്ളത് 6.11.2017 ലെ 13/17 പ്രകാരമാണ്. 2022-23 വർഷത്തെ വസ്തുനികുതി, തൊഴിൽ നികുതി പിരിവ് 100% പിരിവ് ലക്ഷ്യം കൈവരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും സ്റ്റാഫ് മീറ്റിംഗ് നടത്തി ഓരോ മാസവും പഞ്ചായത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും ഇതുവരെ ചെയ്ത പ്രവർത്തന പുരോഗതിയും

വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കാലതാമസം കൂടാതെ ഫയലുകൾ തീർപ്പാക്കുന്നതിനും നികുതി പിരിവ് അവലോകനം നടത്തി തനത് ഫണ്ട് പിരിവിന്റെ പുരോഗതി വിലയിരുത്തുന്നതിനും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## 1-9 ടാക്സ് ഓഡിറ്റ്

കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 200, 203, 204 അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, സേവന ഉപനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി, തൊഴിൽ നികുതി, സേവന ഉപനികുതി, വിനോദ നികുതി എന്നിവ.

### തൊഴിൽ നികുതി

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ ബിസിനസിലോ ഉദ്യോഗത്തിലോ ഏർപ്പെട്ടിരിക്കുന്നവരുടെയും മറ്റെന്തെങ്കിലും ആദായം ലഭിക്കുന്നവരുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ്-204)

എഫ് ടി ഇ &ഒ എസ് ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നതായി കാണുന്നു. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഈ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഉദാ:-

| കെട്ടിട നം. | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 8/379 | മിനർവ ഫുഡ് പ്രൊഡക്ട്സ് | 6 |
| 16/1032 | കവിതാസ്, ടെക്സ്റ്റയിൽസ് | 6 |
| 14/348 | സ്വദേശി ഹോട്ടൽ | 10 |
| 16/700 D | മലബാർ ഹോട്ടൽ & ഫാസ്റ്റ്ഫുഡ് | 2 |
| 15/160 | ഹരിദാസ് സോമിൽ | 4 |

കൂടാതെ റേഷൻ കടകളിൽ നിന്നും കെട്ടിടം വാടകയ്ക്കു നൽകി വരുമാനമാർജ്ജിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

സ്ഥാപന മേധാവി ഹാജരാക്കുന്ന തൊഴിൽനികുതി റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്താതെ തൊഴിൽനികുതി ഈടാക്കുന്നത് വഴി സ്ഥാപനത്തിന് തൊഴിൽ നികുതി വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ ഖം.1-10ൽ കൊടുത്തിട്ടുണ്ട്.

**വസ്തുനികുതി**

ബജറ്റ് പ്രകാരം 2022-23 വർഷത്തെ പ്രതീക്ഷിത വസ്തുനികുതി വരവ് 42,00,000/- രൂപയാണ്. എന്നാൽ റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതി വരവ് 37,29,677/- രൂപയാണ്. 2021-22 ലെ വസ്തുനികുതി വരവ് 32,94,225/- രൂപയാണ്. 2021-22 വർഷത്തെക്കാളും 2022-23 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾ, അസസ്സ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ എന്നിവ കണ്ടെത്തുന്നതിനും വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്യുകയും അതുപ്രകാരം പഞ്ചായത്തിൽ കെട്ടിട സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ നികുതി പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. നികുതി കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ചിട്ടുണ്ട്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയമേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തുനികുതിയിൽ വർദ്ധനവ്/ഇളവ് നൽകി വരികയും ചെയ്യുന്നു. എന്നാൽ വസ്തുനികുതി നിർണയത്തിലുള്ള അപാകതകൾ നികുതി വരവ് കുറയുന്നതിന് ഇടയാക്കുന്നു.

കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ ആകെ എണ്ണം 183 ആണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം 384 റോഡുകൾ ഉണ്ട്. ആസ്തി രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ റോഡുകളും റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്താത്തതു കാരണം വസ്തുനികുതി നിർണ്ണയവേളയിൽ തെറ്റായ റോഡ് സെലക്ട് ചെയ്യേണ്ടിവരികയും അതുവഴി വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ വർദ്ധനവ് വരുത്താതിരിക്കുന്നതിന് കാരണമാവുകയും ചെയ്യും.

**വസ്തുനികുതി പരിഷ്കരണം**

വസ്തു നികുതി പരിഷ്കരണം 2023-24 ന്റെ പുതിയ നിരക്ക് 25.08.2023 തിയ്യതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗിലെ 10/1 നം. തീരുമാന പ്രകാരം അന്തിമമായി നിശ്ചയിച്ച് പ്രസിദ്ധീകരിച്ചു. നിലവിൽ പുതിയ നിരക്കിലാണ് വസ്തു നികുതി ഈടാക്കുന്നത്.

**സേവന ഉപനികുതി**

കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207ാം വകുപ്പ് (1)-ാം ഉപവകുപ്പ്

പ്രകാരം സേവന ഉപനികുതിയൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്തിൽ വസ്തു നികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നില്ല.

**ഓഡിറ്റ് നിർദേശങ്ങൾ**

1. അനധികൃത നിർമ്മാണങ്ങൾ, വിസ്തീർണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവയുടെ നികുതി പുനർനിർണയിക്കുന്നതിനുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട് സഞ്ചയയിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം-21 പ്രകാരം, ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അത്തരം പരിശോധനയിൽ തറനിർമ്മിതിയിൽ വരുത്തിയ മാറ്റങ്ങൾ, കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ കണ്ടെത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിക്കുകയും ചെയ്യാവുന്നതുമാണ്.

4.പഞ്ചായത്ത് പരിധിയിലുള്ള ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പഞ്ചായത്ത് നൽകിവരുന്ന സേവനങ്ങൾക്കനുസരിച്ച് കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-10 അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

സ്ഥാപന മേധാവി ഹാജരാക്കുന്ന തൊഴിൽനികുതി റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്താതെ തൊഴിൽനികുതി ഈടാക്കുന്നത് വഴി സ്ഥാപനത്തിന് തൊഴിൽ നികുതി വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | ക്രമനം. | ജീവനക്കാരൻെറ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | നഷ്ടം/ കുറവ് |
|---|---|---|---|---|---|---|
| 1.സോഫിയ എൽ.പി. സ്കൂൾ ഒന്നാം അർദ്ധവർഷം | 1 | ലിസ്സി തോമസ് | 69,000 | 600 | 450 | 150 |
| | 2 | ഷോൺ പി.ഷാജു, | 60,000 | 600 | 450 | 150 |
| 1.സോഫിയ എൽ.പി. സ്കൂൾ രണ്ടാം അർദ്ധവർഷം | 1 | ഷീജ ,ടീച്ചർ | 66,000 | 600 | 450 | 150 |
| | 2 | ലിസ്സി,ടീച്ചർ | 66,000 | 600 | 450 | 150 |
| | 3 | ആനി ഡോണ, ടീച്ചർ | 60,000 | 600 | 450 | 150 |
| | 4 | ഷോൺ പി.ഷാജു, ടീച്ചർ | 60,000 | 600 | 450 | 150 |
| | 5 | രഗിന, ടീച്ചർ | 60,000 | 600 | 450 | 150 |
| | 6 | ആൽബിൻ, ടീച്ചർ | 60,000 | 600 | 450 | 150 |
| | 7 | നിധിന, ടീച്ചർ | 60,000 | 600 | 450 | 150 |
| | 8 | ഡയാന, ടീച്ചർ | 60,000 | 600 | 450 | 150 |
| 2.ചാത്തങ്ങോട്ടുനട അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒന്നാം അർദ്ധവർഷം | 1 | സന്തോഷ് സെബാസ്റ്റ്യൻ, സെക്രട്ടറി | 1,48,164 | 1250 | 720 | 530 |
| | 2 | ഷെർലി എൻ.കെ. ക്ലർക്ക് | 1,20,996 | 1000 | 720 | 280 |

| | | | | | | |
|---|---|---|---|---|---|---|
| | 3 | നിസി.കെ.ടി, അറ്റൻഡർ | 1,15,038 | 1000 | 720 | 280 |
| | | | | | | |
| ആകെ | | | | | | 2,590 |

ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ജോയിന്റ് വെഞ്ച്വർ അക്കൗണ്ട്- നീക്കിയിരിപ്പ് തുക സംബന്ധിച്ച്

ബാലൻസ് ഷീറ്റ് ബി 4 പ്രകാരം മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ ചെലവ് ചെയ്യാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഹെഡ് | ഹെഡ് വിശദാംശം | തുക |
|---|---|---|
| 320700204 | Contributions For Joint Venture Projects(for Revenue Expenditure)from Block Panchayaths | 236410 |
| 320700205 | Contributions For Joint Venture Projects(for Revenue Expenditure)from District Panchayaths | 157260 |
| 320700304 | Contributions For Joint Venture Projects(for Capital Expenditure)from Block Panchayaths | 255317 |
| 320700305 | Contributions For Joint Venture Projects(for Capital Expenditure)from Block Panchayaths | 6732 |

ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ (1246) നിന്നും 20.3.2023 ന് 485974/- രൂപ പിൻവലിച്ചിട്ടുണ്ട്. ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ മുൻ വർഷങ്ങളിൽ ലഭിച്ച തുക പദ്ധതി നിലവിലില്ലാത്തവയുടേതാണോ എന്ന് പരിശോധിച്ച് തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.
മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-12 ഇ-പെയ്മെന്റ് അക്കൗണ്ട്-കറന്റ് അക്കൗണ്ട് ആയതിനാൽ ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്ത് 2017 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുറ്റ്യാടി ബ്രാഞ്ചിൽ ഇ-പെയ്മെന്റിനായി അക്കൗണ്ട് (അക്കൗണ്ട് നം. 67391979932 )ആരംഭിച്ചു. പ്രസ്തുത അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതിനാൽ പലിശ ലഭിക്കുന്നില്ല. 30.09.23 ന് അക്കൗണ്ടിൽ 63,11,989/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ, ഇ-പെയ്മെന്റ് അക്കൗണ്ടിൽ മതിയായ ഏറ്റവും കുറഞ്ഞ ബാലൻസ് തുക സൂക്ഷിച്ച് ബാക്കിയുള്ള തുക പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റി പലിശയിനത്തിൽ നഷ്ടം വരാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 അഡ്വാൻസ്/ഡെപ്പോസിറ്റ് ക്രമീകരിച്ചില്ല

### 1.അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം അഡ്വാൻസ് ടു അതേർസ് ഹെഡിൽ 2014-15 വർഷം അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. നിലവിൽ ക്രമീകരിക്കാനുള്ള പ്രസ്തുത

തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അഡ്വാൻസ് നൽകിയ തിയ്യതി | ഇനം | ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസ് തുക |
|---|---|---|---|
| 1 | 16.5.15 | ഗ്രാമസഭ എക്സ്പെൻസസ് പ്രിന്റിങ്ങ് ചാർജ് | 16750 |
| 2 | 21.1.15 | ലോഡിങ്ങ് & അൺലോഡിങ്ങ് ചാർജസ് ടാർ ബാരൽ | 5700 |

മേൽ തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2.ഇലക്ഷൻ ഡെപ്പോസിറ്റ് ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 36000/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതും ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

**1-14 കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതികൾ- മുഴുവൻ വിതരണ രേഖകളും ഹാജരാക്കിയില്ല**

1.

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 167/23 (വാഴക്കന്ന് വിതരണം) |
| പദ്ധതി അടങ്കൽ | 2,70,000/- (വികസന ഫണ്ട്) |
| ചെലവ് | 2,70,000/- |
| ബിൽ നമ്പർ/ തിയ്യതി | 157/28.12.22-(2,40,000)<br>243/8.2.23(30,000) |
| നിർവ്വഹണം | കൃഷി ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം അഗ്രോ സർവീസ് സെന്റർ, ചാത്തങ്കോട് നട എന്ന സ്ഥാപനത്തിൽ നിന്നും 5.12.22 ലെ 1074, 7.2.23 ലെ 1138 എന്നീ ഇൻവോയിസുകൾ പ്രകാരം 13500 വാഴക്കന്ന് ഒരു കന്നിന് 20/- രൂപ എന്ന നിരക്കിൽ വാങ്ങിയതിന് 2,70,000/-രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 12375 വാഴ ക്കന്നുകൾ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. 1125 വാഴക്കന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. 1125 വാഴക്കന്നുകൾക്കുള്ള ചെലവ് തുക 22500/-(1125x20)രൂപ തടസ്സപ്പെടുത്തുന്നു.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 264/23 (ടിഷ്യുകൾച്ചർ വാഴക്കന്ന് വിതരണം) |
| പദ്ധതി അടങ്കൽ | 2,00,000/- (വികസന ഫണ്ട്) |
| ചെലവ് | 2,00,000/- (വികസന ഫണ്ട്) |

| | |
|---|---|
| ബിൽ നമ്പർ/ തിയ്യതി | 231/4.2.23<br>339/9.3.23 |
| നിർവ്വഹണം | കൃഷി ഓഫീസർ |

മേൽ പ്രോജക്റ്റ് പ്രകാരം അഗ്രോ സർവീസ് സെന്റർ, ചാത്തങ്കോട് നട എന്ന സ്ഥാപനത്തിൽ നിന്നും 1.2.23 ലെ 1135, 8.3.23 ലെ 1255 എന്നീ ഇൻവോയിസുകൾ പ്രകാരം ടിഷ്യുകൾച്ചർ വാഴക്കന്ന് 8000 എണ്ണം ഒന്നിന് 25/- രൂപ നിരക്കിൽ വാങ്ങിയതിന് 2,00,000/-രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ വാഴക്കന്നുകൾ കൈപ്പറ്റിയതിന്റെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. മുഴുവൻ ഗുണഭോക്താക്കളും വാഴക്കന്ന് കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

3.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ /പേര് | 267/23 (ഇടവിള കൃഷി കിറ്റ് വിതരണം) |
| പദ്ധതി അടങ്കൽ | 7,05,000/- (വികസന ഫണ്ട്) |
| ചെലവ് | 7,05,000/- (വികസന ഫണ്ട്) |
| ബിൽ നമ്പർ/ തിയ്യതി | 456/28.3.23, 458/28.3.23, 459/28.3.23 |
| നിർവ്വഹണം | കൃഷി ഓഫീസർ |

മേൽ പ്രോജക്റ്റ് പ്രകാരം അഗ്രോ സർവീസ് സെന്റർ, ചാത്തങ്കോട് നട എന്ന സ്ഥാപനത്തിൽ നിന്നും 22.3.23 ലെ 1331, 23.3.23 ലെ 1332, 24.3.23 ലെ 1333 എന്നീ ഇൻവോയിസുകൾ പ്രകാരം ഇടവിള കൃഷി കിറ്റുകൾ 696 എണ്ണം കിറ്റ് ഒന്നിന് 1014/- രൂപ തോതിൽ വാങ്ങിയതിന് 7,05,000/-രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 690 കിറ്റുകൾ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭിച്ചത്. 6 കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 6084/-(1014x6)രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 കാലിത്തീറ്റ സബ്സിഡി -അപാകതകൾ

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | |
| പദ്ധതി നമ്പർ | 71/23 | |
| പദ്ധതിയുടെ പേര് | കാലിത്തീറ്റ സബ്സിഡി | |
| അടങ്കൽ (രൂപ) | 9,00,000/- | |
| ചെലവ് (രൂപ) | 4,50,000/- | |
| ബിൽ നമ്പർ/ തീയതി | തുക (രൂപ) | ക്ഷീര സഹകരണ സംഘം |

| | | |
|---|---|---|
| | | |
| BRN: 22170452013701053130/ 17.01.2023 | 1,80,025/- | കാവിലുംപാറ- 1,15,765/- കുണ്ടുതോട്- 41,450/- മുറ്റത്തു പ്ലാവ്- 22,720/- |
| BRN: 22170452013701106948/ 28.01.2023 | 16750/- | കുണ്ടുതോട് |
| BRN: 22170452013701281495 /03.03.2023 | 1,02,875/- | കാവിലുംപാറ- 47,265 കുണ്ടുതോട്- 55,610 |
| BRN: 22170452013701300804/ 06.03.2023 | 50,000/- | കാവിലുംപാറ |
| BRN: 2217045201361765/ 15.03.2023 | 1,00,350/- | കാവിലുംപാറ |
| | 4,50,000 | |

പഞ്ചായത്ത് പരിധിയിലെ ക്ഷീര കർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്.

14ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം [6.3ൽ 16 (3,4)] സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങൾ വഴി കാലിത്തീറ്റ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാവുന്നതാണ്. ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് കാലിത്തീറ്റയും, മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയും വാങ്ങാവുന്നതാണ്. കാവിലുംപാറ ക്ഷീര സഹകരണ സംഘം, കുണ്ടുതോട് ക്ഷീര സഹകരണ സംഘം, മുറ്റത്തു പ്ലാവ് ക്ഷീര സഹകരണ സംഘം എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുള്ളത്. സഹകരണസംഘങ്ങൾ ഹാജരാക്കിയ ഇൻവോയിസ് പ്രകാരം (കേരള ഫീഡ്സ്-KFLPI-22-23-040313/15.12.22) ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് 1283/- രൂപയാണ് വില. അതു പ്രകാരം ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് 1283/- രൂപ എന്ന നിരക്കിലാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടിയിരുന്നത്. കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ സഹകരണസംഘങ്ങൾ ഹാജരാക്കുന്ന മുറയ്ക്ക് നിർവഹണ ഉദ്യോഗസ്ഥൻ വിലയുടെ 50% സഹകരണസംഘങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ കാവിലുംപാറ സഹകരണ സംഘം ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് 1370/- രൂപ നിരക്കിലും കുണ്ടുതോട് സഹകരണ സംഘം ഒരു ചാക്ക് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് 1340/-രൂപ നിരക്കിലും ആണ് വിതരണം ചെയ്തിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| സഹകരണ സംഘം | വിതരണം ചെയ്ത ചാക്ക കളുടെ എണ്ണം | വിതരണം ചെയ്യേണ്ട വില | വിതരണം ചെയ്ത വില | അധികം | സബ് സിഡി (50%) ഇനത്തിൽ സംഘങ്ങൾക്ക് അധികം നൽകിയ തുക |
|---|---|---|---|---|---|
| കാവിലുംപാറ | 458 | 458*1283=587614 | 458*1370=627460 | 39846 | 19923 |
| കുണ്ടുതോട് | 170 | 170*1283=218110 | 170*1340=227800 | 9690 | 4845 |
| മുറ്റത്തു പ്ലാവ് | 32 | 32*1420=45440 | 32*1420=45440 | 0 | 0 |

(മുറ്റത്തു പ്ലാവ് ക്ഷീര സഹകരണ സംഘം ഒരു ചാക്കിന് 1420/- രൂപ നിരക്കിൽ മിൽമയിൽ നിന്നും കാലിത്തീറ്റ വാങ്ങി 1420/- രൂപയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. (Invoice No.100400015154/09.01.23))

സഹകരണ സംഘങ്ങൾ (മുറ്റത്തു പ്ലാവ് ക്ഷീര സഹകരണ സംഘം ഒഴികെ) കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങിയ വിലയേക്കാൾ ഉയർന്ന നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുകയും ആ ഉയർന്ന നിരക്കിന് പഞ്ചായത്ത് സബ്സിഡി നൽകുകയുമാണ് ചെയ്തിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാകുന്നതു വരെ അധികനിരക്കിനു പഞ്ചായത്ത് സബ്സിഡി നൽകിയ തുകയായ 24768/- ( 19923+ 4845) രൂപ തടസ്സത്തിൽവെക്കുന്നു.

## 1-16 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നതിലെ അപാകതകൾ

സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിന് മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ - പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. 2022-23 വർഷത്തിൽ പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി 867419/- രൂപ ചെലവഴിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ മിനട്സ് ബുക്ക് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2022-23 വർഷത്തിൽ 03.06.2022 തീയതിയിൽ മാത്രമാണ് യോഗംചേർന്നത്. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല. അപാകത 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിട്ടുണ്ടെങ്കിലും ഇതുവരെ പരിഹരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 അതിദരിദ്രരുടെ വീട് വാസയോഗ്യമാക്കൽ – തുക കൈപ്പറ്റി – പ്രവൃത്തി നടപ്പാക്കിയില്ല

പ്രൊജക്ട് നമ്പർ - 263/23

നിർവ്വഹണം - വി.ഇ.ഒ

ചെലവ് തുക - 2,00,000

ബിൽ നമ്പർ - 221/02.02.23

ഗ്രാമപഞ്ചായത്തിന്റെ അതി ദരിദ്രരുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി ലീല കാലായിൽ എന്ന ഗുണഭോക്താവിന് തൻവർഷം അതിദരിദ്രരുടെ വീട് വാസയോഗ്യമാക്കൽ എന്ന മേൽ പ്രൊജക്ട് പ്രകാരം 50,000/- രൂപ അഡ്വാൻസ് നൽകിയിരുന്നു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ അനുവദിച്ച തുകയ്ക്കുള്ള പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 20.04.23 ൽ നടന്ന അടിയന്തിര യോഗത്തിലെ തീരുമാനം നമ്പർ 7/1 പ്രകാരം ടി ഗുണഭോക്താവിന് അഡ്വാൻസ് നൽകിയിരുന്നെന്നും ശാരീരിക ബുദ്ധിമുട്ടുകൾ കാരണം പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നും തുടർന്ന് മരണപ്പെടുകയും ചെയ്തിട്ടുണ്ട് എന്നുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ കുറിപ്പ് യോഗം ചർച്ച ചെയ്തതായും ഗുണഭോക്താവിന്റെ ഭാഗികമായി ചെയ്ത വീടിന്റെ പ്രവൃത്തിയുടെ വാലേഷൻ തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും കഴിച്ചുള്ള തുക അനന്തര അവകാശികളിൽ നിന്നും തിരികെ ഈടാക്കുന്നതിനും വി.ഇ.ഒ. യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് വി.ഇ.ഒ 24.04.23 ലെ വി.ഇ.ഒ 123/23 നമ്പർ ആയി (ഗുണഭോക്താവിന് തുക അനുവദിച്ചത് കനറാബാങ്ക് തൊട്ടിൽപ്പാലം ശാഖയിലേക്കാണ്) കനറാബാങ്ക് മാനേജർക്കയച്ച കത്തിൽ ഗുണഭോക്താവിന്റെ ടി അക്കൗണ്ടിലെ ഇടപാടുകൾ താൽക്കാലികമായി നിർത്തിവെയ്ക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 പദ്ധതി മാർഗ്ഗരേഖപ്രകാരമുള്ള പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19.04.2022ലെ സ.ഉ (കൈ) 84/ 2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധത്തിന്റെ ഖണ്ഡിക 8.14ൽ പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങളുണ്ട്.

1) ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്നും, റോഡ് കണക്ടിവിറ്റിയോടൊപ്പം തന്നെ സ്വാഭാവിക ജല നിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള ഡ്രെയിനേജ് പ്ലാനും തയ്യാറാക്കണമെന്നും, നിലവിലെ റോഡുകൾക്കും പുതിയ റോഡുകൾക്കും ഡ്രെയിനേജ് (സ്വാഭാവിക നീരൊഴുക്ക്) ഉറപ്പുവരുത്തണമെന്നും ഉത്തരവിന്റെ ഖണ്ഡിക 8.14(1) ൽ നിർദ്ദേശിച്ചിട്ടുണ്ട്.

2) നാറ്റ്പാക് (National Transportation Planning And Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവ് പ്രകാരം ആവശ്യമായ പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള ടാറിങ്ങ് പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് ഉത്തരവിന്റെ ഖണ്ഡിക 8.14(9)ൽ നിർദ്ദേശിച്ചിട്ടുണ്ട്.

3)ഈടുറ്റതും ഗുണമേൻമ ഉള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഓരോ വാർഷിക പദ്ധതിയിലും കുറഞ്ഞത് ഒരു റോഡെങ്കിലും അഞ്ച് വർഷത്തെ ഗ്യാരന്റിയോട് കൂടി നിർമ്മിക്കേണ്ടതാണെന്ന് ഉത്തരവിന്റെ ഖണ്ഡിക 8.14(11)ൽ നിർദ്ദേശിച്ചിട്ടുണ്ട്.
എന്നാൽ മേൽ നിർദ്ദേശപ്രകാരമുള്ള പ്രവൃത്തികളൊന്നും കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/22-23 തീയതി 25.11.2023) മറുപടിയായി തുടർ വർഷങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-19 ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നില്ല

കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന വിവിധ പ്രൊജക്റ്റുകളുടെ ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ നിലവിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വയ്ക്കപ്പെടുന്നത്. 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ആകെ 57 ഇ-ടെണ്ടറുകളാണ് നടന്നിട്ടുള്ളത്. ഇവയിൽ നിന്നുള്ള ടെണ്ടർ ഫീയായി ഓഡിറ്റ് വർഷം ആകെ 1,82,285/- രൂപ വരവുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മേൽ തുകയും മുൻവർഷങ്ങളിൽ നടന്നിട്ടുള്ള ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട തുകകളും എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികളൊന്നും അസിസ്റ്റന്റ് എഞ്ചിനീയർ ഇതു വരെ സ്വീകരിച്ചിട്ടില്ല. മുൻവർഷങ്ങളിലെ ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട് എത്ര തുക തിരികെ ലഭിക്കാനുണ്ട് എന്നുള്ള കൃത്യമായ കണക്കു പോലും ഗ്രാമപഞ്ചായത്തിലോ അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലോ ഇല്ല.
അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (03/2022-23 തീയതി 25.11.2023) മറുപടിയായി ഇ-ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി എത്രയും പെട്ടെന്ന് അക്കൗണ്ട് തുറക്കുന്നതിനും തിരികെ ലഭിക്കാനുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ഇ-ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി അടിയന്തിരമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും, നാളിതുവരെ ഇ-ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കാനുള്ള തുക കണക്കാക്കി ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ഗ്രാമപഞ്ചായത്തിലെ ശുചിമുറി സമുച്ചയങ്ങൾ - ലഘു അവലോകനം

ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് 20.02.2020 ലെ (കൈ) നം. 39/20/തസ്വഭവ, 06.03.2020ലെ (കൈ) നം. 45/20/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. 27.07.2020ലെ (സാധാ) 1401/20/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 'ടേക്ക് എ ബ്രേക്ക്' പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയ/സംസ്ഥാന പാതയോരങ്ങളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ്, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ് എന്നിവയുടെ പരിസരങ്ങളിലുമായി ശുചിമുറി സമുച്ചയങ്ങളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനായിരുന്നു നിർദ്ദേശം. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഭൂമി വിനിയോഗം ചെയ്തു കൊണ്ടും, സാധ്യതയുള്ള സ്ഥലങ്ങളിൽ അത്യാവശ്യ സാധനങ്ങൾ വിൽക്കുന്ന ബങ്കുകളും ലഘുഭക്ഷണ ശാലകളും ഉൾക്കൊള്ളിച്ചു കൊണ്ടുമുള്ള പദ്ധതികളാണ് ആവിഷ്കരിക്കേണ്ടതെന്ന് ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ താഴെ പറയും പ്രകാരം മൂന്ന് പ്രധാന ശുചിമുറി സമുച്ചയങ്ങളാണ് ഉള്ളത്.

| | |
|---|---|
| 1 | തൊട്ടിൽപ്പാലം പൊതുശുചിമുറി കെട്ടിടം |
| 2 | തൊട്ടിൽപ്പാലം വനിതാ കംഫർട്ട് സ്റ്റേഷൻ |
| 3 | ടേക്ക് എ ബ്രേക്ക്, തൊട്ടിൽപ്പാലം |

ഇതിൽ ക്രമ നം. 1, 2 എന്നിവ പൊതു ശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാൻ നിർദ്ദേശിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവിന് മുൻപ് തന്നെ നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്. മേൽപ്പറഞ്ഞവ മൂന്നും പൊതുജനങ്ങൾക്ക് തികച്ചും ഉപയോഗപ്രദമായ സ്ഥലങ്ങളിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്.

(1) തൊട്ടിൽപ്പാലം പൊതുശുചിമുറി കെട്ടിടവും വനിതാ കംഫർട്ട് സ്റ്റേഷനും

കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ പ്രധാന അങ്ങാടിയായ തൊട്ടിൽപ്പാലത്ത് പ്രൈവറ്റ് ബസ്സ്റ്റാന്റിനോട് ചേർന്നാണ് പൊതുശുചിമുറി കെട്ടിടവും വനിതാ കംഫർട്ട് സ്റ്റേഷനും സ്ഥിതിചെയ്യുന്നത്. പൊതുശുചിമുറി കെട്ടിടം പഴക്കമുള്ളതാണെങ്കിലും നിലവിലും വൃത്തിയായി സൂക്ഷിച്ചു വരുന്നുണ്ട്. പുരുഷൻമാരാണ് ഇത് ഉപയോഗിച്ചു വരുന്നത്. തൊട്ടടുത്ത് തന്നെയുള്ള വനിതാ കംഫർട്ട് സ്റ്റേഷൻ കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ളതാണ്. ഇവിടെ വനിതകൾക്കായി ശുചിമുറികളും വിശ്രമസൗകര്യവുമുണ്ട്.

മേൽപ്പറഞ്ഞവ രണ്ടും നിലവിൽ ഹരിതകർമ്മസേനയാണ് പരിപാലിച്ച് വരുന്നത്. അതിനായി അവർ ശുചിമുറി/കംഫർട്ട് സ്റ്റേഷൻ ഉപഭോക്താക്കളിൽ നിന്ന് യൂസർഫീ പിരിക്കുന്നുണ്ട്. വനിതാ കംഫർട്ട് സ്റ്റേഷന്റെ നടത്തിപ്പും പരിപാലനവും ഹരിതകർമ്മസേനയെ ഏൽപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനമുണ്ടെങ്കിലും (20.02.2021ലെ 4/1 നമ്പർ തീരുമാനം) ആയത് സംബന്ധിച്ച് ഹരിതകർമ്മസേനയുമായി കരാർ ചമച്ചിട്ടുള്ളതായി കാണുന്നില്ല. പൊതു ശുചിമുറി കെട്ടിടത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് തീരുമാനമോ കരാറോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. ഈയിനത്തിൽ യൂസർഫീ ഈടാക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ തുകയൊന്നും അടവ് വരുത്തുന്നില്ല.

(2) ടേക്ക് എ ബ്രേക്ക്, തൊട്ടിൽപ്പാലം

തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി ഡിപ്പോയോട് ചേർന്ന് സംസ്ഥാനപാത-54ന് അഭിമുഖമായാണ് ഗ്രാമപഞ്ചായത്ത് "ടേക്ക് എ ബ്രേക്ക്" കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. പക്രംതളം ചുരം വഴി വയനാട് ജില്ലയിലേക്കും കർണ്ണാടക സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലേക്കും യാത്രചെയ്യുന്നവർക്കും, കെ.എസ്.ആർ.ടി.സി ഡിപ്പോയിലെത്തുന്നവർക്കും, തൊട്ടടുത്ത് തന്നെയുള്ള കാവിലുംപാറ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്കും ഉപകാരപ്രദമായ സ്ഥലത്താണ് ടേക്ക് എ ബ്രേക്ക് കെട്ടിടം സ്ഥിതി ചെയ്യുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കുമായി വെവ്വേറെ ശുചിമുറികളും വിശ്രമമുറികളും, ഭിന്നശേഷി സൗഹൃദ ശുചിമുറിയും കെട്ടിടത്തിൽ ഉണ്ട്. കെട്ടിടത്തിനുള്ളിൽ കഫ്റ്റീരിയ സൗകര്യമില്ലെങ്കിലും നിലവിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം പരിപാലിച്ചു പോരുന്ന കുടുംബശ്രീ സംരംഭക കെട്ടിടത്തിന്റെ പുറത്ത് കോമ്പൗണ്ടിനുള്ളിൽ തന്നെയായി ലഘുഭക്ഷണവും സ്റ്റേഷനറി സാധനങ്ങളും ലഭിക്കുന്ന ഒരു ബങ്ക് സ്ഥാപിച്ചിട്ടുണ്ട്. "ടേക്ക് എ ബ്രേക്ക്" നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് നാളിതുവരെ ചെലവ് ചെയ്തിട്ടുള്ള തുക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ചെലവഴിച്ച തുക |
|---|---|---|
| 1 | വഴിയോര വിശ്രമകേന്ദ്രം - ടേക്ക് എ ബ്രേക്ക് ( 218/20-21, എസ്.ഒ 133/21-22) | 16,28,331 |

| | | |
|---|---|---|
| 2 | വഴിയോര വിശ്രമകേന്ദ്രം - ടേക്ക് എ ബ്രേക്ക് പൂർത്തീകരണം ( 183/21-22, എസ്.ഒ 47/22-23) | 4,89,615 |
| 3 | വഴിയോര വിശ്രമകേന്ദ്രം - ടേക്ക് എ ബ്രേക്ക് ഇലക്ട്രിഫിക്കേഷൻ ( 164/22-23, എസ്.ഒ 181/23-24) | 2,05,054 |
| | ആകെ | 23,23,000 |

കെ.എസ്.ആർ.ടി സിയുടെ അധീനതയിലുള്ള സ്ഥലത്താണ് ഗ്രാമപഞ്ചായത്ത് "ടേക്ക് എ ബ്രേക്ക്" കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിലവിലുണ്ടായിരുന്ന പൊതു ടോയ്‌ലറ്റ് ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നത് (14.09.2020ലെ ഭരണസമിതി യോഗത്തിലെ 5/1 നമ്പർ തീരുമാനം). ഇതു സംബന്ധിച്ച് കെ.എസ്.ആർ.ടി.സിയുമായി 21.10.2020ന് ഒപ്പുവച്ചിട്ടുള്ള കരാറിലും കെ.എസ്.ആർ.ടിസിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നവർക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിപ്പോ പരിസരത്തുള്ള ശുചിമുറികൾ നവീകരണത്തിനായി ROMT ( Renovate, Operate, Maintain & Transfer) വ്യവസ്ഥയിൽ ഇരുപത് വർഷ കാലയളവിലേക്ക് തദ്ദേശസ്ഥാപനത്തിന് കൈമാറാൻ തീരുമാനിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിലവിലുള്ള ശുചിമുറികൾ നവീകരിക്കുന്നതിന് പകരം ഗ്രാമപഞ്ചായത്ത് 23,23,000/- രൂപ ചെലവഴിച്ച് പുതിയ ശുചിമുറി സമുച്ചയം നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. തൊട്ടിൽപ്പാലം ഡിപ്പോയിലെ ഭൂമിയിൽ 110ചതുരശ്ര മീറ്റർ വിസ്തൃതിയിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ.എസ്.ആർ.ടി.സി അനുവദിച്ച 05.11.2020ലെ നിരാക്ഷേപപത്രം മാത്രമാണ് നിർമ്മാണത്തിനടിസ്ഥാനമായി ബന്ധപ്പെട്ട ഫയലിൽ ഉള്ളത്. കെ.എസ്.ആർ.ടിസിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നവരല്ലാത്ത പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടം ഉപയോഗപ്പെടുത്താമെന്നത് സംബന്ധിച്ച വ്യവസ്ഥകളൊന്നും പ്രസ്തുത നിരാക്ഷേപ പത്രത്തിലോ കരാറിലോ ഉൾപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി പൂർത്തിയായ “ടേക്ക് എ ബ്രേക്ക്” കെട്ടിടത്തിന്റെ 31.03.2024 വരെയുള്ള നടത്തിപ്പിനും തുടർപരിപാലനത്തിനും ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിലെ "ശലഭം" കുടുംബശ്രീ അംഗമായ ശ്രീമതി ബബിത എന്നവർക്ക് അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട് (30.06.2023ലെ 4/1 നമ്പർ തീരുമാനം). പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപായി ഗ്രാമപഞ്ചായത്ത് ഒന്നാം കക്ഷിയായും നടത്തിപ്പ് ചുമതലയുള്ള വ്യക്തി രണ്ടാം കക്ഷിയായും സി.ഡി.എസ് മൂന്നാം കക്ഷിയായും ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതും കരാറിലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതുമാണെന്നും പ്രസ്തുത തീരുമാനത്തിൽ പറയുന്നുണ്ട്. എന്നാൽ യാതൊരുവിധ കരാറിലും ഏർപ്പെടാതെയാണ് അവർ നിലവിൽ യൂസർഫീ പിരിച്ച് ടേക്ക് എ ബ്രേക്ക് പരിപാലിച്ചു വരുന്നത്. “ടേക്ക് എ ബ്രേക്ക്” കെട്ടിടത്തിനടുത്തായി ലഘുഭക്ഷണത്തിനും മറ്റുമുള്ള ബങ്ക് സ്ഥാപിച്ചത് ആരാണ് എന്നതും, ആയതിന് ഗ്രാമപഞ്ചായത്തോ കെ.എസ്.ആർ.ടി.സിയോ അനുമതി നൽകിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12 /2022-23 തീയതി 01.12.2023) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകുകയോ കരാർ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഭരണസമിതിയുടെ വ്യക്തമായ നിർദ്ദേശമുണ്ടായിട്ടും കരാറിൽ ഏർപ്പെടാതെ നടത്തിപ്പ് ചുമതല കൈമാറിയത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ശുചിമുറി സമുച്ചയങ്ങളുടെ നടത്തിപ്പും പരിപാലനവും സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി കരാറിലേർപ്പെട്ട് കരാർപത്രം പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 അങ്കണവാടി കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയില്ല

കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ പുതുക്കാട് അങ്കണവാടി (സെന്റർ നം. 87) മോഡൽ അങ്കണവാടിയാക്കുന്നതിനായി 5,00,000/- രൂപ തനത് ഫണ്ട്, 5,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, 15,00,000/- രൂപ ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട് (പ്രൊജക്റ്റ് നം. 40/22-23). 19,46,810/- രൂപ ചെലവിൽ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 4,46,810/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം - 15,00,000/- രൂപ ). പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

പുതിയ കെട്ടിടത്തിന്റെ അടുത്ത് തന്നെയാണ് നിലവിലുള്ള അങ്കണവാടി കെട്ടിടവും സ്ഥിതി ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന്റെ പകൽവീടും ഇതിനടുത്ത് തന്നെയാണുള്ളത്. നിലവിലുള്ള അങ്കണവാടി കെട്ടിടത്തിന് കാലപ്പഴക്കമുണ്ടെങ്കിലും കാര്യമായ കേടുപാടുകളൊന്നും സംഭവിച്ചിട്ടില്ല. എന്നാൽ അങ്കണവാടിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന മുറയ്ക്ക് നിലവിലെ അങ്കണവാടി കെട്ടിടം ഏതുപ്രകാരം ഉപയോഗപ്പെടുത്തണം എന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഇതുവരെ ആലോചനകൾ നടത്തുകയോ പദ്ധതികൾ ആസൂത്രണം ചെയ്യുകയോ ചെയ്തിട്ടില്ല. നിലവിലെ അങ്കണവാടി കെട്ടിടം നിഷ്ക്രിയാസ്തിയായി മാറാതെ നല്ലരീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-22 പുഴ വൃത്തിയാക്കൽ - അപാകതകൾ

കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ പുഴകളിൽ നിന്നും തോടുകളിൽ നിന്നും ചെളിയും മണലും മറ്റും വാരി മാറ്റി വൃത്തിയാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് | ചെലവഴിച്ച തുക | വാരി മാറ്റിയ വസ്തുവിന്റെ അളവ് (ക്യൂബിക്ക് മീറ്റർ) |
|---|---|---|---|
| 1 | 143/22-23<br>പുഴയിലെ ചെളി നീക്കം ചെയ്യൽ - മണ്ടകപ്പാറ വെണ്ടേക്കും പൊയിൽ ഭാഗം | 89826 | 403.2 |
| 2 | 207/22-23;<br>പുഴയിലെ ചെളി നീക്കം ചെയ്യൽ - മൂന്നാകൈ ഭാഗം | 163780 | 806.96 |
| 3 | 208/22-23;<br>നടുത്തോട് ചെളി നീക്കം ചെയ്യൽ - കഴിക്കാട് ഭാഗം | 84290 | 403.5 |

| | | | |
|---|---|---|---|
| 4 | 209/22-23; നടുത്തോട് ചെളി നീക്കം ചെയ്യൽ - പൊറ്റക്കര ഭാഗം | 123525 | 605.1 |
| 5 | 277/22-23; പുഴയിലെ ചെളി നീക്കം ചെയ്യൽ - ചോയിച്ചുണ്ട് ഭാഗം | 115981 | 468 |
| ആകെ | | 577402 | 2686.76 |

എന്നാൽ 2001ലെ കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരമുള്ള ജില്ലാതല വിദഗ്ധസമിതിയുടെ അനുമതിയുടെ അടിസ്ഥാനത്തിലല്ല പ്രവൃത്തി നടത്തിയിട്ടുള്ളത്. കൂടാതെ പുഴയിൽ നിന്ന് വാരി മാറ്റുന്ന മണലും മറ്റ് വസ്തുക്കളും ഉപയോഗപ്പെടുത്തേണ്ടത് എങ്ങിനെയെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് യാതൊരുവിധ ആസൂത്രണവും നടത്തിയിട്ടില്ല. വാരിമാറ്റിയ ചെളിയും മണലും മറ്റും പുഴയുടെ വശങ്ങളിലായി തന്നെ നിക്ഷേപിച്ചിട്ടുണ്ട് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ അറിയിച്ചിട്ടുള്ളത്. ഇപ്രകാരം നിക്ഷേപിക്കുന്ന വസ്തുക്കൾ അടുത്ത മഴയോടുകൂടി പുഴയിലേക്ക് തന്നെ ഒഴുകിയെത്തുമെന്നിരിക്കെ അപ്രകാരം ചെയ്തതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. ഇത്തരത്തിലുള്ള പ്രൊജക്റ്റുകൾ കൃത്യമായ അനുമതിയും ആസൂത്രണവും കൂടാതെ നടപ്പാക്കുന്നതിലെ അപാകത 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 1-22) പരാമർശിച്ചിട്ടുള്ളതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/22-23 തീയതി 01.12.2023) മറുപടി ലഭിച്ചിട്ടില്ല.

ക്ഷമതയുള്ള അധികാരസ്ഥാനത്തിൽ നിന്നുള്ള അനുമതിയും വ്യക്തമായ ആസൂത്രണവും കൂടാതെ മേൽ പ്രൊജക്റ്റുകൾ നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-23 തൊഴിലുറപ്പ് പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം - സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തില്ല

ഒരു കരാർ പ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ, ഇവ രണ്ടിന്റേയുമോ ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം വിതരണക്കാരന് നൽകുന്ന തുകയിൽ നിന്ന് സ്രോതസ്സിൽ നിന്നുള്ള നികുതിയായി (സി.ജി.എസ്.റ്റി) ഒരു ശതമാനം തുക കുറവ് ചെയ്യേണ്ടതാണെന്ന് 2017ലെ കേന്ദ്ര ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 51(1)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലെ വകുപ്പ് 51(1)ൽ ഒരു ശതമാനം എസ്.ജി.എസ്.റ്റി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യുന്നത് സംബന്ധിച്ച് സമാനമായ നിർദ്ദേശമുണ്ട്. അതു പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം രണ്ടര ലക്ഷത്തിൽ അധികരിക്കുന്ന സംഗതികളിൽ സി.ജി.എസ്.റ്റി, എസ്.ജി.എസ്.റ്റി എന്നീ ഇനങ്ങളിലായി ആകെ രണ്ട് ശതമാനം നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

എന്നാൽ കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ തൊഴിലുറപ്പു പദ്ധതി പ്രവൃത്തികളിലെ മെറ്റീരിയൽ വിതരണവുമായി ബന്ധപ്പെട്ട് നൽകിയ തുകകളിൽ സ്രോതസ്സിൽ നിന്നുള്ള നികുതി കുറവ് ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/22-23 തീയതി 25.11.2023) തൊഴിലുറപ്പ് വിഭാഗം അക്രഡിറ്റഡ് എഞ്ചിനീയർ നൽകിയ മറുപടി പ്രകാരം 2021-22 സാമ്പത്തിക വർഷം ഏറ്റെടുത്ത താഴെ പറയുന്ന പ്രവത്തികളിലെ മെറ്റീരിയൽ വിതരണത്തിന് 2022-23 വർഷം തുക

അനുവദിച്ചപ്പോൾ മേൽ പറഞ്ഞ പ്രകാരം സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ കോഡ്/പേര് | കരാറുകാരന്റെ പേര് | മെറ്റീരിയലിനായി നൽകിയ തുക (ജി.എസ്.റ്റി ഉൾപ്പെടെ) |
|---|---|---|---|
| 1 | 308027 / കുഞ്ഞിമറ്റം നടപ്പാലം സൈഡ് കെട്ട് | സിബി.കെ.ചെറിയാൻ | 328113 |
| 2 | 314086 / ചാപ്പൻതോട്ടം സ്രാങ്കൽപ്പടി പൂളപ്പാറ റോഡ് | അനഘമോൾ കെ.കെ | 400536 |
| 3 | 314093 / ചാപ്പൻതോട്ടം പൂളപ്പാറ റോഡ് | വിൽസൺ തോമസ് | 393385 |
| 4 | 314141 / പൂക്കാട് താഴെ പൂക്കാട് കേളംകണ്ടി റോഡ് | സിബി.കെ.ചെറിയാൻ | 390391 |
| 5 | 314143 / ഉണ്യത്താംകണ്ടി ഓടങ്കാട് റോഡ് | മുഹമ്മദ് ആദിൽ എം.കെ | 379779 |
| 6 | 273954 / എള്ളിൽപൊയിൽ മുക്ക് നാഗംപാറ റോഡ് | അനീഷ് വി.പി | 324241 |
| 7 | 283474 / പഞ്ചായത്ത് മുക്ക് ഏടത്തും വേലിക്കകത്ത് റോഡ് | സുരേഷ് കുറ്റ | 397588 |
| 8 | 284161 / ചൊത്തക്കൊല്ലി മാവിലപ്പാടി റോഡ് കൽവർട്ട് | വിൽസൺ തോമസ് | 273299 |
| 9 | 284171 / ചാത്തംകോട്ടുനട നാഗംപാറ ലക്ഷംവീട് കോളനി റോഡ് | സിബി.കെ.ചെറിയാൻ | 320237 |
| 10 | 307258 / അമ്മ്യാർച്ചാൽ കല്ലനിര റോഡ് | രാജേഷ് പി | 345219 |
| 11 | 308035 / കൂരാറമുക്ക് ആശ്വാസി ജലനിധി | സുരേഷ് കുറ്റ | 262220 |

| | | | |
|---|---|---|---|
| | റോഡ് | | |
| 12 | 313886 / എസ്.എൻ.ഡി.പി പൂവ്വട്ടിക്കൽ റോഡ് | രഘുദാസൻ കൽതോപ്പിൽ | 393132 |
| 13 | 314087 / മൂക്ക്മുറിയൻ ചൂരണി റോഡ് | തോമസ് പി.ടി | 337474 |
| 14 | 314089 / മൂന്നൊപെരിയ ചീരോത്ത്കുളം റോഡ് | തോമസ് പി.ടി | 398177 |
| 15 | 314106 / കുണ്ടുതോട് അങ്കണവാടി സാഞ്ജോസ് റോഡ് | രാജേഷ് പി | 385221 |
| 16 | 314123 / ചപ്പാരത്ത് നട മാമ്പിലാട് റോഡ് | അനഘമോൾ കെ.കെ | 341438 |
| 17 | 314124 / ബെൽമൗണ്ട് താഴെഭാഗം റോഡ് | അനീഷ് വി.പി | 289488 |
| 18 | 314130 / തോട്ടക്കാട് റോഡ് | കാവിലുംപാറ റൂറൽ എംപ്ലോയീസ് & വർക്കേർസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 391786 |
| 19 | 314142 / കളമുള്ളപറമ്പത്ത് റോഡ് | കാവിലുംപാറ റൂറൽ എംപ്ലോയീസ് & വർക്കേർസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 384085 |
| 20 | 314144 / ളുർക്കിമുക്ക് പൂക്കാട് റോഡ് | മുഹമ്മദ് ആദിൽ എം.കെ | 400183 |
| 21 | 314147 / സംഗമം വായനശാല പുഴ റോഡ് | ശശി എം | 336694 |
| 22 | 314149 / ചൊത്തക്കൊല്ലി വാളക്കയം റോഡ് | തോമസ് പി.ടി | 368580 |
| 23 | 326602 / എടത്തുംവേലിക്കകത്ത് അമ്മ്യാർച്ചാൽ റോഡ് | രാജേഷ് പി | 399481 |
| 24 | 327050 / മുറ്റത്ത്പ്ലാവ് കണ്ണഞ്ചിറ പുൽപ്പാറമല റോഡ് | രാജേഷ് പി | 400079 |

| | | | |
|---|---|---|---|
| 25 | 327052 / കൂടൽ കൊന്നക്കൽ പൂഴക്കൽ റോഡ് | സിബി.കെ.ചെറിയാൻ | 385661 |
| 26 | 328452 / പൈക്കളങ്ങാടി മദ്രസ്സ കയ്യണ്ടത്തിൽ റോഡ് | മുഹമ്മദ് ആദിൽ എം.കെ | 389580 |
| 27 | 332634 / കാഞ്ഞിരക്കണ്ടി ഉപ്പാലക്കണ്ടി റോഡ് | ടോം കട്ടക്കയം | 314158 |

പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് അനുവദിച്ച തുകകളിലെ ജി.എസ്.റ്റി അവർ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും മേലിൽ കരാർ പ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങളുടെ ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന പക്ഷം വിതരണക്കാരന് നൽകുന്ന തുകയിൽ നിന്ന് നിയപ്രകാരമുള്ള തുക സ്രോതസ്സിൽ നിന്നുള്ള നികുതിയായി കുറവ് ചെയ്ത് സർക്കാരിലേക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച പ്രവൃത്തികളിൽ കരാറുകാരൻ ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - യാത്രാ ബത്ത നൽകിയതിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 148/22-23

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ തുക

49/03.09.22 – 4,63,500/-

123/29.11.22 - 2,84,300/-

212/01.02.23 – 77,160/-

232/06.02.23 – 54,000/-

249/09.02.23 – 70,450/-

249/09.02.23 – 94,440/-

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ് പ്രൊജക്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിന്റെ ബഡ്സ് സ്കൂളിൽ പഠിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ വാഹന സൗകര്യം ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികൾക്കും യാത്രാബത്ത ഉൾപ്പെടെ സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ വാഹന സൗകര്യം ഉപയോഗപ്പെടുത്തുന്നതായി ബഡ്സ് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ 11 വിദ്യാർത്ഥികളിൽ 09 വിദ്യാർത്ഥികൾക്ക് തൻവർഷം യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ യാത്രാബത്ത കുറവ് ചെയ്ത് അനുവദിക്കാവുന്ന വാർഷിക സ്കോളർഷിപ്പ് തുക 16,500/- രൂപയാണ്. എന്നാൽ 8 വിദ്യാർത്ഥികൾക്ക് 19,500/- രൂപ നിരക്കിലും ഒരു വിദ്യാർത്ഥിക്ക് 28,500/- രൂപ നിരക്കിലും സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ആകെ അധികം അനുവദിച്ചത് 36,000/- രൂപ (19500-16500=3000*8=24000, 28500-16500= 12,000: 24000+12000= 36,000). ബഡ്സ് സ്കൂൾ വാഹനപരിപാലനം, ഡ്രൈവറുടെ വേതനം എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻതുക ചെലവ് വരുന്നുണ്ട്. ഈ സാഹചര്യത്തിൽ വാഹന സൗകര്യം ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികൾക്ക് യാത്രാബത്ത അനുവദിക്കുന്നത് ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അധികം നൽകുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി

നിജപ്പെടുത്തുന്നതുമാണ്.

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 (ബി) പ്രകാരം ഉല്ലാസ യാത്രക്കായി വർഷം ഓരോ വിദ്യാർത്ഥിക്കും 1000/- രൂപ നിരക്കിൽ അനുവദിക്കാവുന്നതാണെന്നും ആയതിന് വൌച്ചർ വയ്ക്കേണ്ടതാണെന്നും നിർദ്ദശിക്കുന്നുണ്ട്. എന്നാൽ 2022-23 വർഷം നിർവ്വഹണ ഉദ്യോഗസ്ഥ 26 വിദ്യാർത്ഥികൾക്ക് ഈ തുക അനുവദിച്ചിട്ടുണ്ടെങ്കിലും വൌച്ചർ ഹാജരാക്കിയിട്ടില്ല. ആപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 4/22-23 തിയതി 01.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-25 ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - തുക കൈമാറിയത് ക്രമപ്രകാരമല്ല**

നിർവ്വഹണം - വി.ഇ.ഒ

പ്രൊജക്റ്റ് നമ്പർ- 17/22-23

തുക - 4,48,700/-(ബിൽ സാങ്ഷൻ നമ്പർ/തീയതി – 35/22.08.22)

ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനാംഗങ്ങൾക്ക് വി.ജി.എഫ് അനുവദിക്കുന്നതാണ് പ്രൊജക്റ്റ്. ആയതു പ്രകാരം 4,48,700/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 6684/2022/എൽ.എസ്.ജി.ഡി/21.3.22 തിയതിയിലെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ് പ്രകാരം ഹരിത കർമ്മസേന രൂപീകരിച്ച് വാതിൽപ്പടി ശേഖരണം ആരംഭിക്കുന്ന തിയതി മുതൽ ഹരിത കർമ്മസേനയ്ക്ക് വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്തുന്നതിനായി ആദ്യ 6 മാസക്കാലത്തേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് പ്ലാൻ ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്നും 25.03.19 ലെ സ.ഉ.(സാധാ) നം. 703/2019/തസ്വഭവ ഉത്തരവ് പ്രകാരം അടുത്ത 6 മാസക്കാലത്തേക്ക് കൂടി നീട്ടി നൽകാവുന്നതാണെന്നും തുടർന്ന് ഇതുമായി ബന്ധപ്പെട്ട് 11.04.20 ലെ സ.ഉ.(കൈ) നം. 62/2020/തസ്വഭവ ഉത്തരവ്, 02.07.21 ലെ സ.ഉ.(സാധാ) നം. 1250/2021/തസ്വഭവ ഉത്തരവ്, 12.10.21 ലെ സ.ഉ.(സാധാ) നം. 1972/2021/തസ്വഭവ ഉത്തരവ് എന്നിവ പ്രകാരം യഥാക്രമം 6മാസം, 3മാസം, 3 മാസം എന്നീ ക്രമത്തിലും (ആകെ 24 മാസം) ഹരിതകർമ്മസേനയുടെ വരുമാനനില പരിശോധിച്ച് വി.ജി.എഫ് ലഭ്യമാക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയ്ക്ക് 16.11.21 ന് വി.ജി.എഫ് ആയി 4,24,800/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2018 ൽ വാതിൽപ്പടി സേവനം ആരംഭിച്ച സേനയ്ക്ക് 4 വർഷം പൂർത്തിയായിട്ടും സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വി.ജി.എഫ് അനുവദിച്ചത് ക്രമപ്രകാരമല്ല.

2. ഹരിത കർമ്മസേന കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ ഈയിനത്തിൽ ബിൽ പ്രകാരം ചെലവായ 448700/- രൂപയിൽ 208700/- രൂപ 29.09.22 ന് വരവ് വന്നിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം ശേഷിക്കുന്ന 2,40,000/- രൂപ ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ - ലുള്ള 67391979932 നമ്പർ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. (29.11.22 ന് റസീപ്റ്റ് വൌച്ചർ 1220001092/G110303). വിശദാംശം പരിശോധിച്ചതിൽ 13.04.22 ന് വി.ഇ.ഒ. ഗ്രാമപഞ്ചായത്തിന് നൽകിയ റിക്വസ്റ്റിൽ, ഹരിത കർമ്മസേനാംഗങ്ങൾക്ക് വി.ജി.എഫ് ഇനത്തിൽ 2,40,000/- രൂപ അനുവദിക്കേണ്ടതായുണ്ടെന്നും നിലവിൽ പ്രൊജക്റ്റിന് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് തനതു ഫണ്ട് അക്കൗണ്ടിൽ നിന്നും പ്രസ്തുത തുക ഹരിതകർമ്മസേനയ്ക്ക് അനുവദിക്കാവുന്നതും പ്രൊജക്റ്റിന് ഡി.പി.സി അംഗീകാരം ലഭിക്കുന്ന പക്ഷം ടി ഫണ്ട് റീക്കൂപ്പ് ചെയ്ത് നൽകാവുന്നതാണ് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2,40,000/- രൂപ തനതു ഫണ്ടിൽ നിന്നും ഹരിതകർമ്മ സേനയ്ക്ക് മുൻകൂറായി അനുവദിച്ചതിന്റെ വിശദാംശം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 10/22-23 തിയതി 01.12.23)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 448700/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-26 ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ – തുടർ പ്രവർത്തനം ഇല്ല/ സർക്കാർ നിർദ്ദേശം പാലിച്ചില്ല**

പ്രൊജക്ട് നമ്പർ - 23/22-23

നിർവ്വഹണം - സെക്രട്ടറി

തുക - 1,70,000/-

ബിൽ നമ്പർ – 76/03.10.22

ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും ടൂറിസം വകുപ്പിന്റെയും ആഭിമുഖ്യത്തിൽ മതിയായ ഫണ്ട് ലഭ്യമാക്കി സമഗ്ര ടൂറിസം വികസന കർമ്മപരിപാടി നടപ്പിലാക്കുക എന്നതാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ഡി.പി.ആർ തയ്യാറാക്കുന്നതിന് താത്പര്യമുള്ള അംഗീകൃത സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും തന്നെ പങ്കെടുക്കാത്തതിനാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.രമേശൻ മണലിൽ ചെയർമാനായും ശ്രീ.എ.ആർ വിജയൻ കൺവീനറായും ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. വിനോദ സഞ്ചാര സാധ്യതയുള്ള 4 കേന്ദ്രങ്ങൾ കണ്ടെത്തി ഡി.പി.ആർ തയ്യാറാക്കിയ വകയിൽ 1,70,000/- രൂപ പ്രസ്തുത കമ്മിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കിയതല്ലാതെ പ്രൊജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ തുടർ പ്രവർത്തനങ്ങൾക്കായി വരും വർഷങ്ങളിലേക്ക് പദ്ധതികൾ രൂപീകരിച്ചിട്ടില്ല. ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിന്റെ 21.12.21 ലെ ജി.ഒ.(എം.എസ്)24/21/TSM/ ഉത്തരവിൽ ഇതുമായി ബന്ധപ്പെട്ട് പ്രധാന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപായി ടൂറിസം വകുപ്പുമായി കരാറിലേർപ്പെടേണ്ടതാണ്, പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള ഡി.പി.ആർ ടൂറിസം വകുപ്പിന്റെ ഓൺലൈൻ പ്ലാറ്റ് ഫോമിൽ സബ്മിറ്റ് ചെയ്യേണ്ടതാണ് തുടങ്ങി യാതൊരു നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

2. പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കർമ്മപദ്ധതിയിലെ നിർദ്ദേശങ്ങളും നടപ്പാക്കുന്നതിന് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ഈ മേഖലയിൽ തുക ചെലവഴിക്കുന്നതിന് മാത്രം നടപ്പാക്കിയ പദ്ധതിയായി ഇതിനെ ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ നടപ്പാക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 5/22-23 തിയതി 01.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,70,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-27 ബഡ്സ് സ്കൂൾ ഭക്ഷണ വിതരണം – സംയുക്ത ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടാത്തതും മറ്റ് അപാകതകളും**

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ബഡ്സ് സ്കൂളിലെ ഭക്ഷണവിതരണം എന്ന പ്രൊജക്ട് ഫയൽ പരിശോധിച്ചതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ബഡ്സ് സ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ ഗ്രാന്റുകളുടെ കണക്ക് സൂക്ഷിപ്പിനായി ഗ്രാമപഞ്ചായത്ത് കനറാ ബാങ്കിന്റെ തൊട്ടിൽപ്പാലം ശാഖയിൽ 05.04.10 ന് ഒരു ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.(അക്കൗണ്ട് നമ്പർ 1384101027689) നിലവിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും പേരിലുള്ള പ്രസ്തുത ബാങ്ക് അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. 31.03.23 ന് 13,40,926/- രൂപയാണ് അക്കൗണ്ട് നീക്കിയിരിപ്പ്. 2022-23 വർഷം ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം അനുവദിക്കുന്നതിനാണ് പ്രധാനമായും ഈ അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചത്

സംബന്ധിച്ച വൌച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അക്കൗണ്ടിൽ വരവ് വന്ന തുകയുടെയും ചെലവ് തുകയുടെയും വിശദാംശം പരിശോധിക്കാനായിട്ടില്ല. ബഡ്സ് സ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് കനറാ ബാങ്കിന്റെ തൊട്ടിൽപ്പാലം ശാഖയിൽ 1384101028227 നമ്പറായി മറ്റൊരു ബാങ്ക് അക്കൌണ്ട് കൂടി നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്. (ഈ അക്കൌണ്ട് വാർഷികകണക്കിൽ ഉൾപ്പെട്ടതാണ്.) ഒരേ ആവശ്യത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. മാത്രമല്ല രണ്ട് അക്കൗണ്ടുകളിൽ നിന്നായി ഒരേ സമയം ഇടപാടുകൾ നടത്തുന്നതിനാൽ ചെലവിന്റെ ആധികാരികത ഉറപ്പുവരുത്താനും സാധിച്ചിട്ടില്ല. വാർഷിക കണക്കിൽ ഉൾപ്പെടാത്ത അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക 1384101028227 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് അറിയിക്കേണ്ടതും ചെലവ് രേഖകൾ തിയതിയുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരം സൂക്ഷിക്കേണ്ടതുമാണ്.

2. മേൽ അക്കൗണ്ടുകളിൽ നിന്നായി തൻവർഷം ബഡ്സ് സ്കൂൾ ഭക്ഷണ വിതരണത്തിനായി 1,11,586/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ പ്രൊജക്റ്റ് 14/22-23 പ്രകാരം ചെലവ് പൂജ്യമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-28 കെൽട്രോണിൽ കമ്പ്യൂട്ടറും യു.പി.എസും വാങ്ങുന്നതിന് തുക അടച്ചു -ബാക്കി തുക ലഭ്യമായില്ല**

2021-22 വർഷം കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും യുപിഎസ്സും വാങ്ങൽ പദ്ധതിയിൽ ഒന്നു വീതം കമ്പ്യൂട്ടറും യുപിഎസും, CPRCS വഴി വാങ്ങുന്നതിനായി പദ്ധതി നടപ്പാക്കിയിരുന്നു. കെൽട്രോൺ സമർപ്പിച്ച 17.02.2022 ലെ TVM/ITBG/P1/RC/35149/20-21 നമ്പറിലുള്ള പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ഒന്നിന് 39797/- രൂപയും യുപിഎസ്-ന് 23305/- രൂപയും ഉൾപ്പെടെ ആകെ 63102/- രൂപ കെൽട്രോണിന് അഡ്വാൻസായി മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ടെങ്കിലും ഓർഡർ പ്രകാരമുള്ള കമ്പ്യൂട്ടറും യുപിഎസും നിലവിലും ലഭിച്ചിട്ടില്ല എന്ന് 2021-22 ലെ ഖ.1-19 ൽ പരാമർശിച്ചിരുന്നു.

മുൻ വർഷത്തെ പദ്ധതി പ്രകാരം കെൽട്രോണിന് അഡ്വാൻസായി തുക കൈമാറിയെങ്കിലും 2022-23 വർഷം കമ്പ്യൂട്ടർ മാത്രമാണ് ലഭ്യമായത്. ആകെ 63102/- രൂപ മുൻകൂർ നൽകിയതിൽ 12.1.23 ലെ 07984/ITP/22-23 നമ്പർ ബിൽ പ്രകാരം കൃഷിഭവന് ലഭ്യമായ കമ്പ്യൂട്ടറിന് 51766.34 രൂപയും 4% നികുതി 2070.65/- രൂപ ഉൾപ്പെടെ ആകെ 53837/- രൂപയാണ് ചെലവ് വന്നത്. എന്നാൽ ബാക്കി തുക ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കെൽട്രോണിൽ നിന്നും തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 അർദ്ധ വാർഷിക വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല**

പഞ്ചായത്തിലെ 2022-23 വർഷത്തെ തൊഴിൽനികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

സ്ഥാപന മേധാവി ഹാജരാക്കുന്ന തൊഴിൽനികുതി റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്താതെ തൊഴിൽനികുതി ഈടാക്കുന്നത് വഴി സ്ഥാപനത്തിന് തൊഴിൽ നികുതി വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കാത്തത്

മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | ക്രമനം. | ജീവനക്കാരൻെറ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | നഷ്ടം/ കുറവ് |
|---|---|---|---|---|---|---|
| 1.സോഫിയ എൽ.പി. സ്കൂൾ ഒന്നാം അർദ്ധവർഷം | 1 | ലിസ്സി തോമസ് | 69,000 | 600 | 450 | 150 |
| | 2 | ഷോൺ പി.ഷാജു, | 60,000 | 600 | 450 | 150 |
| 1.സോഫിയ എൽ.പി. സ്കൂൾ രണ്ടാം അർദ്ധവർഷം | 1 | ഷീജ ,ടീച്ചർ | 66,000 | 600 | 450 | 150 |
| | 2 | ലിസ്സി,ടീച്ചർ | 66,000 | 600 | 450 | 150 |
| | 3 | ആനി ഡോണ, ടീച്ചർ | 60,000 | 600 | 450 | 150 |
| | 4 | ഷോൺ പി.ഷാജു, ടീച്ചർ | 60,000 | 600 | 450 | 150 |
| | 5 | രഗിന, ടീച്ചർ | 60,000 | 600 | 450 | 150 |
| | 6 | ആൽബിൻ, ടീച്ചർ | 60,000 | 600 | 450 | 150 |
| | 7 | നിധിന, ടീച്ചർ | 60,000 | 600 | 450 | 150 |
| | 8 | ഡയാന, ടീച്ചർ | 60,000 | 600 | 450 | 150 |
| 2.ചാത്തങ്ങോട്ടുനട അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒന്നാം അർദ്ധവർഷം | 1 | സന്തോഷ് സെബാസ്റ്റ്യൻ, സെക്രട്ടറി | 1,48,164 | 1250 | 720 | 530 |
| | 2 | ഷെർലി എൻ.കെ. ക്ലർക്ക് | 1,20,996 | 1000 | 720 | 280 |
| | 3 | നിസി.കെ.ടി, അറ്റൻഡർ | 1,15,038 | 1000 | 720 | 280 |
| | | | | | | |
| ആകെ | | | | | | 2,590 |

ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 25-11-2023 മുതൽ 2-12-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 91220 | പാലിയേറ്റീവ് പരിചരണ പദ്ധതി | 91220 | |
| | 2021-22 | 446810 | മോഡൽ അംഗനവാടി | 446810 | |
| | 2022-23 | 220000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 220000 | 0 |
| | 2022-23 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | 2022-23 | 338300 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 338300 | 0 |
| | | | **ആകെ** | **1396330** | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1500000 | മോഡൽ അംഗനവാടി | 1500000 | 0 |
| | 2022-23 | 140000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 140000 | 0 |
| | | 900000 | ലൈഫ് ഭവനപദ്ധതി | 900000 | |
| | | 291339 | ലൈഫ് ഭവനപദ്ധതി പട്ടിക വർഗ്ഗം-ഭൂരഹിത ഭവനരഹിതർ | 291339 | |
| | 2022-23 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 500000 | 0 |
| | 2022-23 | 50000 | കാലിത്തീറ്റ സബ്സിഡി | 50000 | 0 |
| | 2022-23 | 70450 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 70450 | 0 |
| | | | **ആകെ** | **3451789** | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ- തുക കൈമാറൽ | 22170452009 600846773 | 181273 | 181273 | - |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 22170452009 600484390 | 316458 | 316458 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | | 0 | 21605424 | 2358077 | | 19247347 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 | 2001-02 | 11.12.1 | വസ്ത്രനിർമ്മാണം- വനിതകൾക്ക് തൊഴിൽ പരിശീലനം | 1105/- രൂപ കൺവീനറിൽ നിന്നും ഈടാക്കാൻ 2006-08 അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട് (റിപ്പോർട്ട് നം-2 ഖണ്ഡിക 135,136) |
| 1999-2000 | 47 | 2001-02 | 11.12.2 | പട്ടികജാതിക്കാർക്ക് വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകൽ | അനധികൃതമായി കൈപ്പറ്റിയ തുക ഈടാക്കണം (റിപ്പോർട്ട് നം-2 ഖണ്ഡിക 142) |
| 2002-03 | 3-4 | 2006-07 | 3.79.18.15 | ചാത്തങ്കോട്ടുനട പട്ടികവർഗ്ഗ കോളനി പൊതുകിണർ | നിലനിൽക്കുന്നു |
| 2002-03 | 3-7 | 2006-07 | - | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി | നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക / ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1997 -98 | 30(1, 2,3), 29,31 (1,2) | ശ്രീമതി. രേണുക, സെക്രട്ടറി, ശ്രീ. എൻ. പൊന്നപ്പൻ ആചാരി | LF 22266 /Spl Cell/ SC 402000 / Dtd: 10.09.02 | 31371 | 20985/- (Rt No-20204/ 76 / 30.08. 2007) | | | | | | |
| 2 | 1999-2000 | 31,32, 33(1,2) 4-2, 4-5, 4-7 | ശ്രീ. പത്മനാഭൻ, എൽ.ഡി.സി | LF 2291 /Spl Cell/ SC5(a) /005 / Dtd:25. 09.2006 | 38790 | 9290/- (Rt No-1170 30100867 Dtd:03. 07.17). 15000/- | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | (113034 00030d Dtd:21.02 .14) | | | | | | |
| 3 | 2003-04 | 3-3 | ശ്രീ. എ. എം. മാധവൻ | LF 13836/ Spl Cell/ SC5(a)/ 007/ Dtd:29. 06..2009 | 3942 | 3942/- ( Rt No-54 775/40 /31.12. 20009) | | | | | | |
| 4 | 1996-97 | 25,26 | ശ്രീ. സി. സുധി, സെക്രട്ടറി | LF 1241/spl Cell/ SC4/ 2000/ Dtd:29. 11.2001 | 1886 | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,92,17,486 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,82,32,512 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,590 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,72,052 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 2590 | ശ്രീ. ബാബു.ജെ.ഡി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 228584 | ശ്രീമതി. അർച്ചന. കെ. പി, കൃഷി ഓഫീസർ |
| 1-15 | 24768 | ശ്രീമതി.സെറീന.യു, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-25 | 448700 | ശ്രീ.രാഗേഷ്ചന്ദ്ര.കെ.കെ., വി.ഇ.ഒ |
| 1-26 | 170000 | ശ്രീ. ബാബു.ജെ.ഡി, സെക്രട്ടറി |
| ആകെ | 872052 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രാജശ്രീ , കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | പൗർണ്ണമി, ചെങ്ങോട്ട്, പി.ഒ.ചൂലൂർ, എൻ.ഐ.ടി(വഴി), |

| | | |
|---|---|---|
| | | കോഴിക്കോട്- 673601 |
| ശ്രീമതി.സെറീന.യു, ഡയറി ഫാം ഇൻസ്ട്രക്ടർ | ലഭ്യമല്ല | അനുഗ്രഹ ആനക്കുഴിക്കര കുറ്റിക്കാട്ടൂർ കോഴിക്കോട് – 08 |
| ശ്രീ.രാഗേഷ്ചന്ദ്ര.കെ.കെ. വി.ഇ.ഒ | വി.ഇ.ഒ കാവിലുംപാറ ഗ്രാമ പഞ്ചായത്ത് | ചെമ്പക്കോത്ത് കരിയാത്തൻകാവ്(പിഒ) ബാലുശ്ശേരി |
| ശ്രീ. ബാബു.ജെ.ഡി, സെക്രട്ടറി | സെക്രട്ടറി കാവിലുംപാറ ഗ്രാമ പഞ്ചായത്ത് | തറപ്പുറത്ത് വടയം (പി.ഒ) കുറ്റ്യാടി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1246/22 , തീ-29.08.2022 | 8 | 42,47,51 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി6/ 683/22(1) , തീ-16.08.2022 | 3 | 2-4,3-4,3-7 |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി6/ 1120(2)/2009തീ.20/05/2010 | 5 | 3-1,3-3,3-2,3-4,3-5 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി6/ 113/22 , തീ-04.04.2022 | 2 | 3-3,3-7 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി6/ 76/23(4) , തീ-21.07.2023 | 5 | 2-8,3-3(1),3-4(A), 3-8,3-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി6/ 341/2020 , തീ-14.05.2020 | 15 | 1-4,1-5,1-6,1-7,1-8,1-9, 1-10,1-11, 1-12,1-13,1-14,1-15,1-16, 1-17,1-18 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി6/ 866/2022 , തീ-15.5.2023 | 15 | 1-1-,1-2,1-4,1-5, 1-10(1,2,3,4),1-11, 1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി6/ 567/2022, തീ-10.5.2023 | 19 | 1-2-1,1-10, 1-11-2,1-13,1-14,1-15, 1-16,1-17,1-18,1-21, 1-22,1-23, 1-24,1-25,1-26,1-27, 1-28(1,2,4),1-29,1-30 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി6/ 716/2023, തീ-1.6.2023 | 16 | 1-2-1(1,2,4,6,7,8,10),1-10, 1-11,1-12,1-13,1-17,1-18, 1-19,1-20, 1-21(4),1-22(1,2,3),1-23, 1-24,1-27,1-28,1-29 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 30-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kavilumpara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kavilumpara Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kavilumpara Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

a.The following mandatory financial statements prescribed in accounting rules are not submitted for audit i.e, ratios and audit notes.

b.Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c. grant appropriation control register does not match with accounts.

d. The amount deposited in e-payment account is not credited on time.

e.lapses in making timely and accurate demand entries in respect of tax and non tax revenue.

f. The value of closing stock is not certified in Stock register and taken into account.

g.The joint account related to Buds School is not included in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്